**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4795** **11-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിസ്തൃതി 2.3 കോടി ചതുരശ്ര അടിയായി വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്തെ ഐ.ടി പാർക്കുകൾ സർക്കാർ കെട്ടിടങ്ങളിലൂടെയും ഉപസംരംഭകരിലൂടെയും ഇതുവരെ 20 ദശലക്ഷം ച.അടി സ്പേസ് നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിന്റെ വിവിധ പദ്ധതികളിലൂടെ അടുത്ത 5 വർഷത്തിനുള്ളിൽ നിലവിലെ 102.7 ലക്ഷം ച.അടിയിൽ നിന്നും ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണം കൂടി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇൻഫോപാർക്കിന്റെ ഐ.ടി സ്പേസ് വിസ്തൃതി 6 ദശലക്ഷം ച.അടിയിൽ നിന്ന് 9.2 ദശലക്ഷം ച.അടിയിലേയ്ക്ക് നിലവിൽ വർദ്ധിച്ചിട്ടുണ്ട്. സൈബർ പാർക്കിൽ നിലവിലുള്ള ഏകദേശം 3 ലക്ഷം ച.അടി വിസ്തീർണ്ണത്തിന് പുറമേ ഏകദേശം 3 ലക്ഷം ച.അടി വിസ്തീർണ്ണം കൂടി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പഠനം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഐ.ടി. മേഖലയിൽ മുൻ സർക്കാർ എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചത്; വ്യക്തമാക്കാമോ? | (ബി) | മുൻസർക്കാറിന്റെ കാലയളവിൽ ടെക്നോപാർക്കിൽ 11000 (ഏകദേശം), ഇൻഫോപാർക്കിൽ 19400 (ഏകദേശം), സൈബർ പാർക്കിൽ 550 (ഏകദേശം) എന്നിങ്ങനെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ